ബാർട്ടൻ ഹിൽ കാളനിയിലെ സെപ്ടിക് ടാംകുകളിൽനിന്നുള്ള മലിന ജലം.

* 885 [26] ശ്രീ. ടി. എ. തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള ബാർട്ടൻഹിൽ കാളനിയിലെ സെപ്ടിക് ടാങ്കുകളും തുറന്ന കുഴികളും അതിലെ മലിനവസ്തുക്കളും 6-11-1963 മുതൽ കാളനി നിവാസികളുടെ താമസത്തിനടുത്തുള്ള ഓടവഴി ബാർട്ടൻ ഹില്ലിനു പടിഞ്ഞാറു വശത്തുള്ള സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിൽകൂടി ഒഴുക്കിവിട്ടതു വസ്തുതയാണെന്നറിവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർബാധം ഈ മലിന വസ്തുക്കളും ഒഴുകിപ്പോകാൻ തക്ക മേസനറി ഡ്രെയിൻ കെട്ടിയിട്ടില്ലാത്തതുമൂലം കാളനി നിവാസികളും, സമീപവാസികളും അനുഭവിക്കുന്ന കഷ്ടതയെപ്പറ്റി ഉടൻതന്നെ അധികാരികളെക്കൊണ്ടു അന്വേഷിപ്പിക്കുമോ;

(സി) കാളറായും മറ്റു രോഗങ്ങളുമുള്ള ഇക്കാലത്തു് ഇപ്രകാരം സമീപവാസികളുടേയും, കാളനിയിലെ താമസക്കാരുടേയും പരിസരങ്ങളും അനാരോഗ്യകരമാക്കുന്നവരുടെമേൽ കർശന നടപടിയെടുത്തു് മേലിൽ ഇതു് ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം കൊടുക്കുമോ;

(ഡി) 15-3-1963-ൽ 28 (1986)-ാംനമ്പരായി ചോദിച്ച ചോദ്യത്തിന്റെ ഉത്തരമായി മലിനജലം നിർബാധം ഒഴുകിപ്പോകുന്നതിനും, മഴക്കാലത്തെ അതിഭയങ്കരമായ വെള്ളച്ചാട്ടംമൂലം സമീപവാസികൾക്കുണ്ടാകുന്ന അപകടാവസ്ഥയും, നഷ്ടവും പരിഗണിച്ചും, ഡ്രെയിൻ കെട്ടുന്ന കാര്യവും റിട്ടെയിനിംഗ് വാൾ പണിയുന്ന കാര്യവും പരിഗണനയിലാണെന്നു് പറഞ്ഞതനുസരിച്ചു് ഇതേവരെ എന്തു മേൽനടപടി എടുത്തു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) ഇല്ല. മലിന വസ്തുക്കളും ബാർട്ടൻഹിൽ കാളനിയുടെത്തുള്ള ഓടവഴി ഒഴുക്കിവിടുന്നില്ല. നൈറു് സോയിൽ ഡ്രമ്മിലാക്കി ഡിപ്പോയിലേക്കു കൊണ്ടുപോവുകയാണുണ്ടായതു്.

(ബി, സി) 'എ'യ്ക്കുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) 15-3-1963-ൽ ചോദിച്ച ചോദ്യത്തിനുത്തരമായി പറഞ്ഞിരുന്നതനുസരിച്ചു് ടി, ഡി, എസ് ബ്ലോക്കിന്റെ (ബി) സംരക്ഷണത്തിനായി ഒരു റീട്ടെയിനിംഗ് വാൾ പണി തീർത്തിട്ടുണ്ടു്. മേസനറി ഡ്രെയിൻ കെട്ടുന്നതിനു പബ്ലിക്കു് ഹെൽത്തു് ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റു ഒരു എസ്റ്റിമേറ്റു തയാറാക്കിയിട്ടുണ്ടു്. ഡ്രെയിൻ കെട്ടുന്നതിനുവേണ്ടതു തുക ലഭിക്കുമ്പോൾ അതിന്റെ പണി തുടങ്ങാവുന്നതാണു്.

ശ്രീ. ടി. എ. തൊമ്മൻ: മേസനറി ഡ്രെയിൻ കെട്ടുന്നതിനുള്ള പണി എന്നു തുടങ്ങുമെന്നും, ഇതിലേക്കു് എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഇതിലേക്കു് വേണ്ടി ഏകദേശം 36000 രൂപ ചെലവുവരുന്ന ഒരു estimate ആണു് തയാറാക്കിയിട്ടുള്ളതു്. ഇതു് ബഡ്ജറിൽ വക കൊള്ളിച്ചിട്ടുള്ള ഒരു വർക്കല്ല. സംഖ്യ ലഭ്യമാകുന്പോൾ അധികം താമസിക്കാതെ ആരംഭിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. അനിരുദ്ധൻ: ആയിരത്തോളം ആളുകൾ താമസിക്കുന്ന ഈ സ്ഥലത്തുകൂടി ബാർട്ടൻഹിൽ കാളനിയിലെ സെപ്ടിക് ടാങ്കുകളും തുറന്നുവിട്ട മലിനവസ്തുക്കളും ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നതു് എനിക്കു നേരിട്ടു കാണാൻ സാധിച്ചിട്ടുള്ളതാണു്. ഇങ്ങനെ വരാതിരിക്കുന്നതിനു് ഈ സെപ്ടിക് ടാംകു അടുത്തുള്ള ഡ്രെയിനേജിൽ കണക്ടു് ചെയ്യുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

പ്രസ്തുത മേസനറി ഡ്രെയിൻ ബാർട്ടൻ ഹില്ലിനു പടിഞ്ഞാറുവശമുള്ള തോട്ടിൽ കൊണ്ടു സംബന്ധിപ്പിക്കുന്നതിനും നടപടികളെടുക്കുമോ? മേസനറി ഡ്രെയിൻ കെട്ടുന്നതിനുള്ള മേൽനോട്ടം കോർപ്പറേഷനെ ഏൽപ്പിക്കാതെ പബ്ലിക്ക് ഹെൽത്ത് ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഈ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുണ്ടെന്നു പറഞ്ഞതു്. ജോലി ഏതു ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കണമെന്നുള്ളതു് ഒരു പ്രശ്നമല്ല. പക്ഷേ ഇതിന്റെ പണി ഉടനെ തുടങ്ങുന്നതിനാവശ്യമായ ഫണ്ടില്ല. ഇതിനാവശ്യമായ ഏതെങ്കിലും വിധത്തിലുള്ള ഫണ്ട് കിട്ടുമോയെന്നു് പരിശോധിക്കാം.

എൻ. ഇ. എസ്. ബ്ലോക്കു ഡിസ്പെൻസറികളിലെ വെറ്ററിനറി ഡാക്ടറന്മാരുടെ അഭാവം.

* 886 [30] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്. ബ്ലോക്കു് സെക്കൻഡു് സ്റ്റേജിൽ വെറ്ററിനറി ഡിസ്പെൻസറികളും ഡിപ്പാർട്ടുമെന്റു് അടുത്തകാലത്തു് എറ്റെടുത്തിട്ടു് അവിടെ ഡാക്ടറന്മാരെ നിയമിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം ഡാക്ടറന്മാരില്ലാത്ത എത്ര ആശുപത്രികളും ഉണ്ടു്;

(സി) മല്ലപ്പള്ളി വെറ്ററിനറി ഡിസ്പെൻസറിയിൽ ഇപ്പോൾ യാതൊരു പ്രവർത്തനവും നടക്കുന്നില്ലേ;

(ഡി) ചികിത്സയ്ക്കായും, കൃത്രിമ ഗർഭോൽപാദനത്തിനായും കന്നുകാലികളെ കൊണ്ടുപോയിട്ടു് ഡാക്ടറില്ലാത്തതുമൂലം ജനങ്ങൾ നിരാശരായി മടങ്ങിപ്പോകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്): (എ) എൻ. ഇ. എസ്. ബ്ലോക്കു് സെക്കൻഡു് സ്റ്റേജിൽ വെറ്ററിനറി ഡിസ്പെൻസറികളും ഡിപ്പാർട്ടുമെന്റു് ഏറ്റെടുക്കുമ്പോൾ ബ്ലോക്കിലുണ്ടായിരുന്ന എല്ലാ ഉദ്യോഗസ്ഥന്മാരേയും വെറ്ററിനറി ഡിപ്പാർട്ടുമെന്റിലേക്കു വിട്ടുകൊടുക്കാറില്ല. എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്കിൽതന്നെ തുടരുകയാണു് പതിവു്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പു് അടുത്ത ഡിസ്പെൻസറിയുടെ ചാർജ് വഹിക്കുന്ന ഡോക്ടർമാരെ ഏൽപ്പിക്കുന്നുണ്ടു്.

(ബി) മേൽപറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി.) മല്ലപ്പള്ളി വെറ്ററിനറി ഡിസ്പെൻസറിയിൽ ഇപ്പോൾ കൃത്രിമ ചികിത്സയും ബീജ സങ്കലന പ്രവർത്തനവും നടത്തിവരുന്നുണ്ടു്. എന്നാൽ ബീജ സങ്കലനപ്രവർത്തനം 6-10-63 മുതൽ 28-10-63 വരെ മുടങ്ങിപ്പോയിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി: ഇങ്ങനെ മുടക്കംവരാതിരിക്കുന്നതിനുവേണ്ടി സെക്കൻഡു് സ്റ്റേജു് ഡിപ്പാർട്ടുമെന്റു് ഏറ്റെടുക്കുമ്പോൾ ഉടനെ ഡാക്ടറെ നിയമിക്കാൻ സാധിച്ചില്ലെങ്കിൽ ബ്ലോക്കിലുള്ള എക്സ്റ്റൻഷൻ ആഫീസർക്കു അതിനുള്ള ചാർജ് കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. പി. പൗലോസ്: ബ്ലോക്കിലുള്ള അഡ്മിനിസ്ട്രേഷൻ കൺട്രോൾ എക്സ്റ്റൻഷൻ ആഫീസറുടെ കീഴിലാണു്. എന്നാൽ ഉടനെ ഡാക്ടറെ നിയമിക്കാൻ സാധിച്ചില്ലെങ്കിൽ അതിനു പരിഹാരമായി എന്തു നടപടിയെടുക്കുമെന്നുള്ളതിനെപ്പറ്റി ആലോചിച്ചുവരികയാണു്.

LIBRARY ARCHIVES Kerala Legislative Assembly